# കളരി

25 മാർച്ച് 2021

Vol: 43 | No: 01

കേരള സർവ്വകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം




പേജ്: 02 നന്ദി, വിട..


പേജ്: 04 കർഷകർക്കൊപ്പം


പേജ്: 07 മഹത്തായ അടുക്കള

പേജ്: 08 കെ.സി.എയുടെ ഭാവി


# ഹരിതപ്രഭയിൽ കാമ്പസ്


ബിനു കൃഷ്ണ സി ബി

ആതിര എസ്


**കാര്യവട്ടം**



*ഹരിതാലയം പദ്ധതിയുടെ ഭാഗമായ നെൽപ്പാടം*

കാർഷിക സർവകലാശാലക്ക് പുറമെ കൃഷി ചെയ്യുന്ന സർവകലാശാല, കേരളസംസ്ഥാനത്തിന് പുതുപുത്തൻ അനുഭവമാകുന്നു. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ് 'ഹരിതാലയം' ആകുമ്പോൾ അത് കോവിഡിനു ശേഷമുള്ള കാലത്ത് സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം യുവജനങ്ങളെ കൃഷിയിലേക്കാകർഷിക്കാനും സമൂഹത്തിന് മാതൃകയാകാനും വഴി തെളിക്കുന്നു.

ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് മുഖ്യമന്ത്രി പിണറായി വിജയൻ ആണ് കേരള സർവകലാശാല ഹരിതാലയം കാർഷിക പദ്ധതി വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തത്. സർവകലാശാല വൈസ് ചാൻസലർ ഡോ. വി പി മഹാദേവൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ ടി ജലീൽ, കൃഷി മന്ത്രി അഡ്വ. വി. എസ്. സുനിൽ കുമാർ, സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രൻ, വനം മന്ത്രി അഡ്വ. കെ രാജു, തിരുവനന്തപുരം മേയർ കെ ശ്രീകുമാർ, പ്രോ വൈസ് ചാൻസലർ ഡോ. പി. പി. അജയകുമാർ എന്നിവർ പങ്കെടുത്തു. ആൻഡമാൻ-നിക്കോബാറിൽ നിന്നുള്ള സസ്യം പ്രോ വൈസ് ചാൻസലർ മുഖ്യമന്ത്രിക്ക് സമ്മാനമായി നൽകി. ക്യാമ്പസിലെ ജൈവവൈവിദ്ധ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഡോ. കെ.ടി ജലീലും നെൽകൃഷിയുടെ ഉദ്ഘാടനം അഡ്വ. വി എസ് സുനിൽ കുമാറും ആൻഡമാൻ -നിക്കോബാർ സസ്യോദ്യാനത്തിന്റെ ഉദ്ഘാടനം കടകംപള്ളി സുരേന്ദ്രനും നിർവഹിച്ചു. ബോട്ടണി വകുപ്പിലെ അദ്ധ്യാപകൻ പ്രൊഫ എ. ഗംഗാപ്രസാദാണ് ഹരിതാലയം പദ്ധതിയുടെ ചീഫ് കോർഡിനേറ്റർ.

## ഹരിതാലയത്തിൽ കാര്യവട്ടം കാമ്പസിന്റെ കയ്യൊപ്പ്

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ക്ഡൗണും മനുഷ്യജീവിതത്തിലെ സകല മേഖലയിലും പ്രതിസന്ധികൾ സൃഷ്ടിച്ചപ്പോൾ, ഇനി വരാൻ പോകുന്ന വറുതിയും പട്ടിണിയും, പട്ടിണിമരണങ്ങളും, വിലക്കയറ്റവും മുന്നിൽക്കണ്ട് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. ഈ പദ്ധതിയിൽ കാര്യവട്ടത്തിൽ ക്യാമ്പസിന് എന്ത് സംഭാവന ചെയ്യാൻ കഴിയും എന്ന ചിന്തയിൽ ഉരുത്തിരിഞ്ഞതാണ് ഹരിതാലയം പദ്ധതി.

## പുതുതലമുറയും കൃഷിയും

വൈറ്റ് കോളർ ജോബിന് പിന്നാലെ പായുന്ന യുവാക്കളിൽ കൃഷി അഭിമാനകരമായ തൊഴിൽ തന്നെയാണ് എന്ന പൊതുബോധം സൃഷ്ടിക്കുവാൻ ഹരിതാലയം കൊണ്ട് കഴിയുന്നുണ്ട്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു വിലയിരുത്തുമ്പോൾ കൃഷിയിലേക്കുള്ള പുതിയ തലമുറയുടെ ഒഴുക്ക് ഈ മാറ്റങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ല എന്നതും അഭിമാനിക്കാവുന്നതാണ്. സർക്കാരിന്റെ ഔദ്യോഗിക കണക്ക് പ്രകാരം നാല് കൊല്ലം കൊണ്ട് 3.5 ലക്ഷം വനിത കർഷകരാണ് കൃഷിയിലേക്ക് കടന്നുവന്നത്. കഴിഞ്ഞ അഞ്ചു കൊല്ലം കൊണ്ട് കൃഷിയിലുണ്ടായ വിപ്ലവകരമായ മാറ്റവും ഈ കണക്കുകളിൽ വ്യക്തമാണ്.

## ക്ലാസ് മുറികളിൽ നിന്ന് തരിശു ഭൂമിയിലേക്ക്

കൃഷി എങ്ങനെ ലാഭകരമായി ചെയ്യാൻ സാധിക്കും? കൃഷിയിൽ നിന്ന് എങ്ങനെ വരുമാനം ഉണ്ടാക്കാൻ സാധിക്കും? മത്സ്യ കൃഷി ലാഭകരമാണോ? എന്ന് തുടങ്ങുന്ന എല്ലാത്തരം സംശയങ്ങൾക്കുമുള്ള ഉത്തരം കാട്ടിത്തരുകയാണ് കാര്യവട്ടം ക്യാമ്പസിലെ അധ്യാപകരും വിദ്യാർത്ഥികളും.

ഹരിതാലയം പദ്ധതിയിലൂടെ ക്യാമ്പസ് അധീനതയിലുണ്ടായിരുന്ന 20 ഏക്കർ ഭൂമി ഉഴുതു മറിച്ച് ഔഷധസസ്യങ്ങൾ മുതൽ ഫലവൃക്ഷങ്ങൾ വരെ നട്ടുവളർത്തി. പഠനം എന്നത് ക്ലാസ് മുറിയിൽ മാത്രം ഒതുങ്ങികൂടേണ്ടതല്ല മറിച്ച് ക്യാമ്പസിന്റെ വിശാലതയിലും പ്രകൃതി സ്നേഹത്തിലും കൂടി കലർന്നതാവണമെന്ന തിരിച്ചറിവാണ് ഈ വിജയത്തിന് പിന്നിൽ. 48000 ഫലവൃക്ഷങ്ങൾ ക്യാമ്പസിൽ നട്ടുവളർത്താനാണ് പദ്ധതി. കാമ്പസിലെ പെർഫോമിങ് ആർട്സ് സെന്റർ പ്രദേശവും ടെക്നോപാർക്കിന് എതിർവശത്തുള്ള സ്ഥലവും ചേർത്ത് ഏകദേശം 27 ഏക്കർ സ്ഥലങ്ങളിലായി പ്ലാവ്, ഞാവൽ, പേര, നെല്ലി, മഹാഗണി, അശോകം, വേപ്പ്, ഇലഞ്ഞി, കമ്പകം, മാതളം, പുളി, ലക്ഷ്മിതരു, കണിക്കൊന്ന, തേക്ക്, നീർമരുത് എന്നിവ ചേർത്ത് 16, 495 ഓളം വൃക്ഷത്തൈകൾ നട്ടുപരിപാലിച്ചുവരുന്നു.

സർവകലാശാലയിലെ ഹരിതാലയം കാർഷിക പദ്ധതിയിലൂടെ യുവജനങ്ങളെയും അതുവഴി വളർന്നുവരുന്ന പുതുതലമുറയെയും കൃഷിയിലേക്ക് ആകർഷിക്കാനാകുന്നു. കൂടാതെ ഡ്രൈ കാമ്പസിനെ വെറ്റ് കാമ്പസ് ആക്കി മാറ്റുന്നതിനായി വിദ്യാർത്ഥികൾക്ക് കാർഷിക ഫെല്ലോഷിപ് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേരളസർവകലാശാലയുടെ ഈ മാതൃകാപ്രവർത്തനം തീ പോലെ പടരേണ്ടത് നിലനിൽപ്പിന്റെ അനിവാര്യതയാണ്, കാലത്തിന്റെ അനിവാര്യതയാണ്

കളരി
26 മാർച്ച് 2021

# സമൂല പരിവർത്തനവുമായി പുതിയ വിദ്യാഭ്യാസനയം

രാജ്യത്തെ വിദ്യാഭ്യാസ രീതിയ്ക്കും ഘടനയ്ക്കും അടിമുടി പരിഷ്ക്കാരങ്ങൾ വരുത്തിയുള്ള പുതിയ വിദ്യാഭ്യാസ നയത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നു. മൂന്നു വയസ് മുതൽ പതിനെട്ട് വയസുവരെ സാർവ്വത്രിക വിദ്യാഭ്യാസം ലക്ഷ്യമിട്ടുള്ള പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കാൻ, 2022-23 വിദ്യാഭ്യാസ വർഷം തയ്യാറെടുക്കുമ്പോൾ പ്രതീക്ഷകളും അതുപോലെ ആശങ്കകളും ഉയരുന്നുണ്ട്.

കെ എസ് ആർ കസ്തൂരിരംഗൻ അധ്യക്ഷനായ സമിതിയാണ് ദേശീയവിദ്യാഭ്യാസ നയം സംബന്ധിച്ച റിപ്പോർട്ട് കേന്ദ്രസർക്കാറിന് സമർപ്പിച്ചത്. ദേശീയ വിദ്യാഭ്യാസനയം 2020 ന്റെ പ്രത്യേകത വിദ്യാഭ്യാസ മേഖലയിലെ ഘടനാപരമായ മാറ്റമാണ്. നിലവിൽ നാം പിന്തുടരുന്ന 10 +2 നയത്തിനു പകരം 5+3+3+4 എന്ന ഘടനയിലേക്കുള്ള മാറ്റമാണ് ഏറ്റവും ശ്രദ്ധേയം. ഇതിൽ ആറാം ക്ലാസ്സ് മുതൽ ഇന്റേൻഷിപ് ഉൾപ്പെടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പുതിയ നയം തുടക്കം കുറിക്കുന്നു. അഞ്ചാം ക്ലാസ്സ്‌വരെയെങ്കിലും മാതൃഭാഷയിലോ പ്രാദേശിക ഭാഷയിലോ കുട്ടികൾ പഠിച്ചിരിക്കണം. ഈ മാറ്റങ്ങൾ ഭാവിയിൽ കുട്ടിയുടെ മാതൃഭാഷ പരിജ്ഞാനം വികസിപ്പിക്കുന്നതിനും ഏതെങ്കിലും നൈപുണ്യ വികസനവുമായി കുട്ടി പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനും ഉപകരിക്കും. ഇത് വളരെ നല്ല തീരുമാനം തന്നെയാണ്. അംഗൻവാടി അധ്യാപകർ ഇനി പ്രാരംഭ ശൈശവ അധ്യാപകർ എന്നറിയപ്പെടും.

സെക്കന്ററി തലത്തിൽ സെമെസ്റ്ററുകളായി വർഷം ക്രമീകരിച്ചതിനാൽ, ഐശ്ചിക വിഷയങ്ങൾ കൂടാതെ കുട്ടിയുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുത്ത വിഷയങ്ങളും പഠിക്കാവുതാണ്. വർഷത്തിൽ രണ്ടു പരീക്ഷയാകുന്നത് വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിന് സഹായകരമാകുന്നുണ്ട്. ബഹുഭാഷാ പഠനത്തിനും സംസ്‌കൃത ഭാഷയ്ക്കും പ്രാധാന്യം നൽകുന്നുണ്ട് ഈ വിദ്യാഭ്യാസനയം. കൂടാതെ ഭിന്ന പരിമിതശേഷിക്കാർക്ക് ഉതകുന്ന രീതിയിൽ ആംഗ്യഭാഷാടിസ്ഥാനത്തിൽ പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് ശുപാർശയുണ്ട്. പരീക്ഷാരീതിയിലും അധ്യാപകർക്കുള്ള പരിശീലനത്തിനും മാറ്റം വരും. അധ്യാപകർക്ക് എൻ പി എസ് ടി (നാഷണൽ പ്രൊഫഷണൽ സ്റ്റാൻഡേർഡ് ഫോർ ടീച്ചേർസ്) പരീക്ഷ നിർബന്ധമാക്കിയിരിക്കുന്നു. വിശകലനം, വിമർശനാത്മകരമായ ചിന്ത, ആശയപരമായ വ്യക്തത വരുത്തൽ, സംഗ്രഹാത്മകമായ വിലയിരുത്തൽ എന്നിവയ്ക്ക് മൂല്യനിർണയത്തിൽ വളരെയധികം പ്രാതിനിധ്യം നൽകും. മൂല്യനിർണയകേന്ദ്രങ്ങൾ 'പരഖ്' ഇതോടൊപ്പം രൂപീകരിക്കും. ശിശുപാലനത്തിനും വിദ്യാഭ്യാസത്തിനുമായി ദേശീയ പാഠ്യ പദ്ധതി വികസിപ്പിക്കും. ബോധന ശാസ്ത്രത്തിലും പാഠ്യപദ്ധതിയിലും പരിശീലനം നേടിയ അദ്ധ്യാപകരെയും അംഗൻവാടി പ്രവർത്തകരെയും അതിനായി സജ്ജമാക്കുമെന്നു നയം വ്യക്തമാക്കുന്നു. പുതിയ നൂറ്റാണ്ടിനു അനുസരണമായ നൈപുണ്യ വികസനം ആണ് നയം ലക്ഷ്യമിടുന്നത്. ജനനം, ജീവിത പശ്ചാത്തലം, സമൂഹിക സ്ഥാനം എന്നിവയുടെ പേരിലുള്ള വിവേചനങ്ങളെ ഇല്ലാതാക്കുമെന്നും നയം വ്യക്തമാക്കുന്നു.

2035 ഓടെ രാജ്യത്തെ 50 ശതമാനം വിദ്യാർഥികൾ ഉന്നത വിദ്യാഭ്യാസം കാംക്ഷിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസകച്ചവടം നിയന്ത്രിക്കാനുള്ള ഒരു വഴിയും ഇതിൽ കാണുന്നില്ല. സ്കൂളുകൾക്ക് പഠന ഭാഷ പ്രീ-പ്രൈമറി തലത്തിൽ തീരുമാനിക്കാമെന്നത് പ്രശംസനീയമാണ്. യു ജി സിയുടെ പുതിയ ഘടനയെക്കുറിച്ചും വ്യക്തതയില്ല. ഭരണഘടനാപ്രകാരം സംസ്ഥാനങ്ങളുടെ കൂടി അധികാരപരിധിയിലുള്ള 'പൊതുലിസ്റ്റിൽ'പ്പെട്ട വിദ്യാഭ്യാസം സംബന്ധിച്ച ദേശീയ നയം നടപ്പിലാക്കുമ്പോൾ അവരുടെ കൂടി അഭിപ്രായങ്ങൾക്ക് വില കല്പ്പിച്ചില്ലെന്ന വിമർശനവും നിലനില്ക്കുന്നു.

# നന്ദി, വിട...

**അനു എസ് എൽ**

ഏറെ വേദനകൾ നിറഞ്ഞ 2020 എന്ന വർഷം ഒടുവിലായി സമ്മാനിച്ച നോവായിരുന്നു മലയാളികളുടെ എക്കാലത്തെയും പ്രിയ കവയത്രി സുഗതകുമാരിയുടെ വിയോഗം. പ്രതീക്ഷയായി വന്ന പുതിയ വർഷവും തുടക്കത്തിൽ തന്നെ മലയാളസാഹിത്യത്തിനു മറ്റൊരു നഷ്ടം കൂടി തീർത്തു. ജീവിതമെന്ന ആനന്ദം നല്ല വാക്കുകളിലൂടെ കൊണ്ടാടിയ കവിയും അദ്ധ്യാപകനുമായ വിഷ്ണു നാരായണൻ നമ്പൂതിരിയുടെ വിയോഗമായിരുന്നു അടുത്തത്.

കെട്ടകാലത്തിൽ തന്റെ കവിതയും സാമൂഹ്യപ്രതിബദ്ധതയും കൊണ്ട് വെളിച്ചം തീർത്ത മലയാളിയുടെ 'കവിയമ്മ' യായിരുന്നു സുഗതകുമാരി. ആറുപതിറ്റാണ്ട് നീണ്ട സാഹിത്യ ജീവിതം നയിച്ച വ്യക്തിയാണ് അവർ. കേരളത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധാലുവായ സാമൂഹിക, പരിസ്ഥിതി പ്രവർത്തകയായിരുന്നു സുഗതകുമാരി ടീച്ചർ. 1961 ൽ പ്രസിദ്ധീകരിച്ച 'മുത്തുചിപ്പി'യാണ് ആദ്യത്തെ കവിതാ സമാഹാരം. പാവം മാനവഹൃദയം, പാതിരാപൂക്കൾ,കൃഷ്ണകവിതകൾ, അമ്പലമണി, രാത്രിമഴ, രാധയെവിടെ തുടങ്ങിയവ മലയാളസാഹിത്യത്തിന് സുഗതകുമാരി ടീച്ചർ നൽകിയ വിലമതിക്കാനാകാത്ത സംഭാവനകളാണ്. പത്മശ്രീ, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ് തുടങ്ങി നിരവധി ആദരങ്ങൾ ലഭിച്ചിരുന്നു.



കവയത്രി എന്ന നിലയിൽ മാത്രം ഒതുങ്ങിനിൽക്കാതെ സാമൂഹിക പാരിസ്ഥിതികപ്രവർത്തനങ്ങളിൽ കൂടി വ്യാപൃതയായ വ്യക്തിയായിരുന്നു ടീച്ചർ. പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരതകളെക്കുറിച്ചും ചൂഷണങ്ങളെക്കുറിച്ചും അവർ കവിതകളെഴുതി.

സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സുഗതകുമാരി ടീച്ചർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരള വനിതാ കമ്മീഷന്റെ മുൻ ചെയർപേഴ്സണും തിരുവനന്തപുരം ജവഹർ ബാലഭവൻ പ്രിൻസിപ്പലുമായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുഗതകുമാരി പരിശ്രമിച്ചിരുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇന്സ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന 'തളിര്' എന്ന മാസികയുടെ ചീഫ് എഡിറ്റർ ആയിരുന്നു. പ്രകൃതി സംരക്ഷണ സമിതിയുടെ സ്ഥാപക സെക്രട്ടറിയായിരുന്നു. 2020 ഡിസംബർ 23ന് രാവിലെ 10 50ന് സുഗതകുമാരി ടീച്ചർ വിടപറഞ്ഞു 86-ാം വയസ്സിൽ കോവിഡ് എന്ന മഹാമാരിക്ക് കീഴടങ്ങിപ്പോൾ മലയാളിക്ക് നൂറുകണക്കിന് കവിതകൾ ബാക്കിയാക്കിയാണ് യാത്രയായത്.



മലയാളസാഹിത്യത്തിന് കവിതകളും വിവർത്തനങ്ങളും സംഭാവനകൾ നൽകിയ സാഹിത്യകാരനും അധ്യാപകനുമായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. ഭാഷാ പണ്ഡിതനും വാഗ്മിയും സാംസ്കാരിക നായകനും കൂടിയായിരുന്നു അദ്ദേഹം. കോഴിക്കോട്, കൊല്ലം, പട്ടാമ്പി, എറണാകുളം, തൃപ്പൂണിത്തറ, ചിറ്റൂർ, തിരുവന്തപുരം, തലശ്ശേരി എന്നിവിടങ്ങളിൽ അദ്ദേഹം അധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. യൂണിവേഴ്സിറ്റി കോളേജിൽനിന്ന് വകുപ്പ് അധ്യക്ഷനായി പിരിഞ്ഞതിനു ശേഷം കുടുംബക്ഷേത്രത്തിൽ ശാന്തിക്കാരനായി പ്രവർത്തിച്ചു.

കവി, വിവർത്തകൻ എന്നിവയ്ക്കുപുറമേ സാമൂഹിക പ്രവർത്തകനും പ്രകൃതി സ്നേഹിയും കൂടിയായിരുന്നു അദ്ദേഹം കാളിദാസന്റെ 'ഋതു സംഹാരം' മലയാളികൾക്കായി വിവർത്തനം ചെയ്ത അദ്ദേഹം പ്രകൃതിയും മനുഷ്യനും രണ്ടല്ല ഒന്നാണെന്ന സൗന്ദര്യപാഠം പകർന്നു വെച്ചു. ഭൂമിഗീതങ്ങൾ, ഇന്ത്യ എന്ന വികാരം, മുഖമെവിടെ, അപരാജിത, ആരണ്യകം, സ്വാതന്ത്ര്യത്തെ കുറിച്ചൊരു ഗീതം, ഉജ്ജയിനിയിലെ രാപ്പകലുകൾ, ചാരുലത തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. പത്മശ്രീ, കേരള സാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, വയലാർ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, ഓടക്കുഴൽ അവാർഡ് തുടങ്ങി നിരവധി ആദരങ്ങൾ ലഭിച്ചിരുന്നു. പരിക്രമം, ശ്രീവല്ലി, രസക്കുടുക്ക, തുളസീദളങ്ങൾ, എന്റെ കവിത എന്നീ കവിതാസമാഹാരങ്ങളും അസാഹിതീയം, കവിതയുടെ ഡി എൻ എ, അലകടലും നെയ്യാമ്പലുകളും എന്നീ നിരൂപണങ്ങളും ഗാന്ധി-പുതിയ കാഴ്ചപ്പാടുകൾ, സസ്യലോകം, ഋതു സംഹാരം എന്നീ വിവർത്തനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. കൂടാതെ പാദമുദ്രകൾ ദേശഭക്തി കവിതകൾ, വനപർവ്വം, സ്വാതന്ത്ര്യ സമര ഗീതങ്ങൾ എന്നീ കൃതികൾ സംവാദനം ചെയ്യുകയും കുട്ടികൾക്കായി കുട്ടികളുടെ ഷേക്സ്പിയർ എന്ന കൃതി രചിക്കുകയും ചെയ്തിട്ടുണ്ട്.

2021 ഫെബ്രുവരി 25 ന് ഉച്ചയോടെ വാർദ്ധക്യസഹജമായ രോഗങ്ങൾ കാരണം എൺപത്തിയൊന്നാം വയസ്സിൽ അദ്ദേഹം വിടപറഞ്ഞു.പ്രകൃതിക്കുവേണ്ടി ഉറച്ച ശബ്ദങ്ങൾ ഉയർത്തിയ കവികളായിരുന്നു സുഗതകുമാരിയും വിഷ്ണു നാരായണൻ നമ്പൂതിരിയും. പ്രകൃതി ചൂഷണങ്ങൾക്കെതിരെയുള്ള സുഗതകുമാരി ടീച്ചറുടെ പോരാട്ടങ്ങളിൽ ഉറച്ച പിന്തുണ നൽകിയ വ്യക്തിയായിരുന്നു വിഷ്ണു നാരായണൻ നമ്പൂതിരി. അഗതികളായ വനിതകൾക്കും മാനസിക വൈകല്യമുള്ളവർക്കും ആശ്രയമായി സുഗതകുമാരി ടീച്ചർ സ്ഥാപിച്ച 'അഭയ' എന്ന സ്ഥാപനത്തിന് വിഷ്ണുനാരായണൻ നമ്പൂതിരി പിന്തുണ നൽകിയിരുന്നു. ഇരുവരുടെയും വിയോഗം കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാഹിത്യ മേഖലകൾക്ക് നികത്താനാകാത്ത നഷ്ടം തന്നെയാണ്.

# കൊറോണയും ആനവണ്ടിയും


ആതിര എസ്

## കൊറോണകാലത്ത് ആനവണ്ടിയിലൂടെ ഒരുയാത്ര

കൊറോണക്കാലത്തെ ജീവപര്യന്തം അനുഭവിച്ചു കൊണ്ടിരിക്കുമ്പോഴാണ് കേരളസർവ്വകലാശാലയിൽ നിന്ന് പി ജി പ്രവേശനത്തിന് കത്ത് വന്നത്. ഇങ്ങനെയെങ്കിലും ഒന്ന് വീട്ടിൽനിന്നും പുറത്തു ചാടാമല്ലോ എന്നായിരുന്നു അപ്പോഴത്തെ ചിന്ത. ഈ കൊറോണ കാലത്ത് എങ്ങനെയാ ഇത്ര ദൂരം പോവുക? ഏകദേശം ഒരു രണ്ടു മണിക്കൂറോളം യാത്രയുണ്ട്. അങ്ങനെ ചിന്തിച്ചിരിക്കുമ്പോഴാണ് അമ്മയുടെ വരവ്. "ട്രെയിൻ ഒന്നും ഓടി തുടങ്ങിയില്ല... നീ കെ എസ് ആർ ടി സി ബസ്സിൽ പോ..." അമ്മ പറഞ്ഞു. എന്റെ മനസ് പറഞ്ഞു, ആന വണ്ടിയോ?! ഇന്ന് വരെ ഒരു സ്റ്റോപ്പിലും കറക്റ്റ് ആയിട്ട് നിർത്താത്ത... ഇന്ന് വരെ സീറ്റ് കിട്ടാത്ത ആന വണ്ടി... ട്രെയിൻ മതിയായിരുന്നു.

അങ്ങനെ ആ ദിവസം എത്തി. ഇന്ന് പി ജി പ്രവേശനത്തിനായി തിരുവനന്തപുരത്തേക്ക് പോവുകയാണ്. രാവിലെ തന്നെ എഴുന്നേറ്റ് കുളിയൊക്കെ പാസാക്കി റെഡി ആയി ബസ് സ്റ്റോപ്പിലേക്ക് വെച്ചുപിടിച്ചു. കുറേ നാളുകൾക്കു ശേഷം കാണുന്നതുകൊണ്ടാവാം ഇടവഴികൾക്കും റോഡിനുമെല്ലാം പുതിയ ഭാവം. പഴയ തിരക്കൊന്നും റോഡിൽ ഇല്ല. പരിചയക്കാരെപ്പോലും തിരിച്ചറിയാൻ പറ്റുന്നില്ല. എല്ലാവരുടെയും മുഖത്ത് മാസ്ക് സ്ഥാനം പിടിച്ചിരിക്കുന്നു. നടന്നുപോകുന്ന വഴിയിൽ ഒരു സുഹൃത്തിനെ കണ്ടു. പരിചയമുള്ളവരെ കാണുമ്പോൾ ചിരിക്കുക സ്വഭാവികമാണല്ലോ... ഞാൻ അവളെ നോക്കി ചിരിച്ചു നടന്നുപോയി. അപ്പോൾ പിന്നിൽ നിന്നും ഒരു ശബ്ദം... "എന്താടോ ഒരു മൈൻഡും ഇല്ലല്ലോ!" ഞാൻ പറഞ്ഞു ഞാൻ ചിരിച്ചതു നീ കണ്ടില്ലേ? മറുപടി കേട്ടപ്പോൾ തൃപ്തിയായി. മാസ്ക് വെച്ചോണ്ട് ചിരിച്ചാൽ എങ്ങനെയാ പൊട്ടീ അറിയുക എന്ന് ശീലമില്ലാഞ്ഞിട്ടാ... ഉണങ്ങിവരുന്നതല്ലേയുള്ളു എന്നൊക്കെ പറഞ്ഞ് പരിഭവം മാറ്റി മുന്നോട്ട് നടന്നു.

അവസാനം മെയിൻറോഡ് എത്തി. ജനങ്ങൾ മാസ്ക് വെച്ചിട്ടുണ്ടോ എന്നറിയാൻ പോലീസ് മാമന്മാർ റോഡിൽ തന്നെയുണ്ട്. ബസ് സ്റ്റോപ്പിൽ എനിക്കുമുന്നേ ഒരമ്മൂമ്മ നിൽക്കുന്നു. കൊറോണ വന്ന കാര്യമൊന്നും ഈ അമ്മൂമ്മ അറിഞ്ഞില്ലേ എന്ന് മനസ്സിൽ ചിന്തിച്ചു നിൽകുമ്പോഴാണ് ദേ കുലുങ്ങി കുലുങ്ങി വരുന്നു നമ്മുടെ ആനവണ്ടി. ഒരു സീറ്റ് മാത്രമേയുള്ളൂ ഒരാൾക്ക് കയറാം എന്ന കണ്ടക്ടറുടെ വാക്കുകേട്ടതും അമ്മൂമ്മ ബസിലേക്ക് ചാടിക്കയറി. ഞാൻ വീണ്ടും 'പോസ്റ്റ്'. 15 മിനിറ്റത്തെ കാത്തിരിപ്പിന് ശേഷം വന്ന ബസിലേക്ക് ഞാനും കയറി. യാത്രക്കാരെ നമുക്ക് എണ്ണിയെടുക്കാം. ഒരു കോളേജ് ടൂർ എന്നപോലെ എല്ലാവർക്കും സീറ്റ്. കൊറോണ കൊണ്ടുവന്ന ഓരോ മാറ്റങ്ങൾ! സാധാരണ ഗതിയിൽ കെ എസ് ആർ ടി സി ബസ്സിൽ സീറ്റ് കിട്ടണമെങ്കിൽ ക്ഷമയും വേഗവും അത്യാവശ്യ ഘടകങ്ങളാണ്. ഞാൻ ചുറ്റും കണ്ണോടിച്ചു. എനിക്കൊരു ഇരിപ്പിടം കണ്ടെത്തി. എന്റെ അടുത്ത് വിൻഡോസൈഡിൽ ഇരിക്കുന്ന ചേച്ചി അതിലൂടെ ഇപ്പൊ പുറത്തേക്ക് വീഴും എന്ന മട്ടിലാണ് ഇരിക്കുന്നത്.. ഇരിപ്പ് കണ്ടാൽ തോന്നും ഞാൻ ആണ് കൊറോണ എന്ന്. ഞാനും വിട്ടുകൊടുത്തില്ല, എന്റെ സൈഡ് കമ്പിയിൽ ഞാനും ചേർന്ന് ഇരുന്നു. ഇപ്പോൾ ഞങ്ങടെ ഇടക്ക് രണ്ടു പേർക്ക് കൂടി ഇരിക്കാം. നമ്മളൊന്നു തുമ്മിയാലോ ചുമച്ചാലോ അടുത്തിരിക്കുവരുടെ നോട്ടം നമ്മളെന്തോ വലിയ അപരാധം ചെയ്ത പോലെയാണ്. അങ്ങനെ ദഹിപ്പിക്കുന്ന നോട്ടങ്ങളും മുഖാവരണം ധരിച്ച കുറേ മനുഷ്യരും. ഏറെകുറേ ഇതാണ് ബസിലെ അവസ്ഥ. കണ്ടക്ടർ, മുഖത്തു മാസ്കും കയ്യിൽ ഗ്ലൗസും പോക്കറ്റിൽ സാനിറ്റൈസറുമായി എന്റെ അടുത്ത് വന്ന് ടിക്കറ്റ് ചോദിച്ചു, ടിക്കറ്റ് എടുത്തു നോക്കുമ്പോഴാണ് ഞാൻ മനസിലാക്കുന്നത് അത് ഡിസ്കൗണ്ട് ഉള്ള ദിവസം ആണെന്നുള്ളത്. കൊറോണക്കാലത്തു കെ എസ് ആർ ടി സി യിലേക്ക് യാത്രക്കാരെ ആകർഷിക്കാനായി സർക്കാർ കൊണ്ടുവന്ന നടപടിയാണത്രെ... 'പകച്ചുപോയി എന്റെ ബാല്യം...!!'. യാത്ര പകുതി ദൂരം പിന്നിട്ടു, ആറ്റിങ്ങൽ എത്തി. കുറെയധികം പേർ ഇറങ്ങി എന്നാൽ അത്രതന്നെ ആളുകൾ കയറുകയും ചെയ്തു. കൊറോണകാലവും അതിന് മുന്നേയുള്ള സാഹചര്യവും മനസിലൂടെ മിന്നിമാഞ്ഞു. പുട്ടിനുപീരയെന്ന പോലെ എല്ലാ ബസിലും പതിവു പോലെ കാണാറുള്ള ഗർഭിണികളും കുഞ്ഞുങ്ങളുമായി കയറുന്ന അമ്മമാരും വയസായവരുമൊന്നുമില്ലാത്ത ഒരു യാത്ര. ആരുടെ മുഖത്തും ചിരികളില്ലാത്ത യാത്ര.. എന്റെ സ്റ്റോപ്പ് എത്തി. ഞാൻ ബസിൽ നിന്നും ഇറങ്ങി. മുഖാവരണമണിഞ്ഞ പരസ്പരം നോക്കി ചിരിക്കാനാകാത്ത ഒരു കൂട്ടം യാത്രക്കാരുമായി ആനവണ്ടി ദൂരേക്ക് മറഞ്ഞു.




# കമ്മ്യൂണിക്കേഷൻ ക്ലബ്ബിന് പുതിയ നേതൃത്വം

അനശ്വര യു
കാര്യവട്ടം

കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം വകുപ്പിലെ കമ്മ്യൂണിക്കേഷൻ ക്ലബ്ബിന് പുതിയ നേതൃനിര. മാർച്ച് പത്തിന് നടന്ന ചടങ്ങിൽ ക്ലബ് മുൻ എക്സിക്യൂട്ടീവ് അംഗം ആശ പി എൻ സ്വാഗതം ആശംസിച്ചു. ക്ലബ്ബിന്റെ അധ്യക്ഷനും വകുപ്പ് മേധാവിയുമായ ഡോ. ലാൽമോഹൻ പി അധ്യക്ഷത വഹിച്ചു. മുൻ സെക്രട്ടറിയും, രണ്ടാംവർഷ വിദ്യാർത്ഥിയുമായ അമൽ എം ബി റിപ്പോർട്ട് അവതരിപ്പിച്ചു. ഹരികൃഷ്ണൻ (സെക്രട്ടറി), ചീരു(ട്രഷറർ), ആകാശ് കൃഷ്ണൻ, ബിലാൽ ഹുസൈൻ, അശ്വതി രാജ് (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു. രണ്ടാം വർഷ വിദ്യാർത്ഥി അദ്വൈത് മിലൻ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ പരിപാടിയിൽ അസി. പ്രൊഫസർ കെ എസ് സുരേഷ്, അസി.പ്രൊഫസർ ഡോ. രാജേഷ് കുമാർ, അസി. പ്രൊഫസർ ജെ മാഗി എന്നിവരും പങ്കെടുത്തു. കഴിഞ്ഞവർഷം നിരവധി പ്രവർത്തനങ്ങൾ നടത്തുകയും വ്യത്യസ്തത നിലനിർത്തുകയും ചെയ്ത കമ്മ്യൂണിക്കേഷൻ ക്ലബ് ഭാരവാഹികളെ യോഗം അഭിനന്ദിച്ചു. വെള്ളായണി കായൽ ശുചീകരണം ഉൾപ്പെടെയുള്ള പരിപാടികൾ കാമ്പസിന് അകത്തും പുറത്തുമായി നിലവിൽ നടത്തിവരുന്നു. എല്ലാബുധനാഴ്ചയും ക്ലബ്ബിന്റെ പ്രവർത്തനം മുടങ്ങാതെ സംഘടിപ്പിക്കാറുണ്ട്.




*പുതിയ ഭാരവാഹികൾ*

# കാമ്പസിന്റെ അനുമോദനം

ഗണേഷ് ജി ആർ
കാര്യവട്ടം

സംസ്ഥാന സാഹിത്യ അക്കാദമി അവാർഡായ കനകശ്രീ അവാർഡ് കരസ്ഥമാക്കിയ 'കടലിന്റെ കവി' എന്നറിയപ്പെടുന്ന ഡി. അനിൽ കുമാറിന് കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ മലയാളം ഡിപ്പാർട്ട്മെന്റ് ഗവേഷണ യൂണിയന്റെ സ്നേഹാദരം. ഒഎൻവി മലയാളം സെമിനാർ ഹാളിൽ വെച്ചായിരുന്നു അനുമോദനം. പ്രശസ്ത കവിയായ മുരുകൻ കാട്ടാക്കട ഉദ്ഘാടനം നിർവഹിച്ചു. 'ചങ്കോണ്ടോ പറക്കൊണ്ടോ' എന്ന കവിതാസമാഹാരത്തിനാണ് അനിൽകുമാറിന് കനകശ്രീ അവാർഡ് ലഭിച്ചത്. കേരളത്തിന്റെ തീരം തുടങ്ങുന്ന പൊഴിയൂർ മുതൽ അഞ്ചുതെങ്ങ് വരെയുള്ള ലാറ്റിൻ കത്തോലിക്കരായ മത്സ്യത്തൊഴിലാളികളുടെ സംസാര ഭാഷയാണ് 'കടപ്പുറപാസ്'. ഈ കടപ്പുറം ഭാഷയിൽ എഴുതിയ കവിതാസമാഹാരമാണ് 'ചങ്കോണ്ടോ പറക്കൊണ്ടോ'. ഈ വ്യത്യസ്തമായ ഭാഷയാണ് അനിൽ കുമാർ എന്ന യുവകവിയുടെ കവിതകളെയും അദ്ദേഹത്തെയും വ്യത്യസ്തമാക്കുന്നത്. കടപ്പുറപാസക്ക് മലയാളത്തെക്കാൾ തമിഴിനോടാണ് സാമ്യം കൂടുതൽ.

*കടപ്പുറപാസ* എന്ന വ്യത്യസ്തമായ ഭാഷ മലയാളഭാഷയിൽ അടയാളപ്പെടുത്താൻ അനിൽകുമാറിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കവിതകൾ അംഗീകരിക്കപ്പെട്ടത്. ആ ഭാഷയ്ക്ക് സൗന്ദര്യമുണ്ട്, വ്യത്യസ്തമായ വാക്കുകളും ശൈലിയും ഉണ്ട്. അതുതന്നെയാണ് 'ചങ്കോണ്ടോ പറക്കൊണ്ടോ' കവിതാസമാഹാരത്തെ വ്യത്യസ്തമാക്കിയത്.

ചിന്താ പബ്ലിക്കേഷൻസ് ആണ് ഈ കവിതാസമാഹാരം പുറത്തിറക്കിയത്. കടൽ കവിതകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനിൽകുമാറിന്റെ കടൽ അനുഭവങ്ങൾ, കടലിന്റെ മക്കളുടെ ജീവിതം എന്നിവയാണ് അദ്ദേഹത്തിന്റെ കവിതാസമാഹാരത്തിലെ മുഖ്യ പ്രമേയം. ഏകദേശം 150 വാക്കുകളുടെ നീണ്ട നിഘണ്ടു ഒപ്പം ചേർത്തു.

# കർഷക സമരത്തിൽ അണിചേർന്ന് കാമ്പസ് വിദ്യാർത്ഥികളും

**ബിനു കൃഷ്ണ സി ബി**




*കർഷകർക്ക് ഐക്യദാർഢ്യം*

ഇന്ത്യാ മഹാരാജ്യം തന്റെ ചരിത്രത്തിൽ പല സമരങ്ങൾക്കും ചെറുത്തുനിൽപ്പുകൾക്കും വേദിയായിട്ടുണ്ട്. 1917 ലെ ചമ്പാരൻ സമരം മുതൽ തലസ്ഥാന നഗരിയിൽ തുടർന്നുകൊണ്ടിരിക്കുന്ന കർഷകസമരം വരെ. പതിനായിരത്തോളം കർഷകർ നീതിക്കുവേണ്ടി നൂറു ദിവസത്തിലധികമായി ഇന്ത്യ ഗവണ്മെന്റിനെതിരെ പ്രതിരോധം തീർക്കുന്ന ആ മണ്ണിലേക്കുള്ള യാത്ര തുടങ്ങുന്നത് തന്നെ 'തിരിച്ചു വരാൻ കഴിയുമോ?' എന്ന ചോദ്യവുമായിട്ടായിരിക്കും. അത്തരമൊരു യാത്രയിലേക്കാണ് കേരളസർവകലാശാലയിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ അമരക്കാരായ വിദ്യാർഥികൾ ഫെബ്രുവരി 9 ന് തുടക്കമിട്ടത്. കേരളസർവകലാശാലയിലെ യൂണിയൻ അംഗങ്ങളായ രാഷ്ട്രതന്ത്ര വിദ്യാർത്ഥി അശ്വിൻ ബാബു, മലയാളം വിദ്യാർത്ഥി ശ്യാം ശിവൻ, കേരള പഠനം വിദ്യാർത്ഥി ബാലപ്രസാദ്.എസ് എന്നിവരാണ് സർവകലാശാലയെ പ്രതിനിധീകരിച്ച് കർഷകസമരത്തിൽ പങ്കാളികളായത്.

## കർഷക സമരം അവരിലൂടെ

കൊവിഡ് 19 വെല്ലുവിളി നേരിട്ടുകൊണ്ടുതന്നെ 9ന് രാത്രി നിസാമുദീൻ എക്സ്പ്രസ്സ് തീവണ്ടിയിൽ പുറപ്പെട്ട് 11ന് വൈകീട്ടോടെയാണ് വിജയ്നഗറിൽ അവർ എത്തിച്ചേർന്നത്. സി പി എം യൂണിറ്റ് സെക്രട്ടറിയുടെ ഒരു കത്തുമായി എത്തിയതിനാൽ താമസസൗകര്യങ്ങൾ ലഭിച്ചു. പ്രതിഷേധത്തിൽ പങ്കുചേരുന്നതിന് നേരിട്ട പ്രധാന വെല്ലുവിളി പ്രതിഷേധം അവിടെ നിന്ന് മാറ്റപ്പെടുമോ അല്ലെങ്കിൽ ഒത്തുതീർപ്പാക്കപ്പെടുമോ എന്ന സംശയമായിരുന്നു. അതുകൊണ്ട് തന്നെ ക്യാമ്പസ്സിൽ അധികമാരും അറിയാതെയായിരുന്നു അവർ യാത്ര തുടങ്ങിയത്. അറിയാത്ത നാടും ആൾക്കാരാരുമാണെങ്കിലും അത്യാവശ്യം ആംഗലേയ ഭാഷയും ഹിന്ദിയും കൈകാര്യം ചെയ്യാൻ അറിയുന്നതിനാൽ ബുദ്ധിമുട്ടുണ്ടായില്ല. 'കൈയിലുള്ളത് കല മാത്രമാണ്, കലയിലൂടെ പ്രതിഷേധിക്കാൻ ഭാഷ ഒരു തടസമല്ലല്ലോ' എന്ന് അശ്വിൻ ബാബു അഭിപ്രായപ്പെട്ടു. കല, അത് ഭാഷക്കും ദേശത്തിനുമതീതമാണ്. 12 ാം തീയതി സമരത്തിൽ കേരളത്തിന്റെ പ്രതിനിധികൾ ആയി ഉത്തർപ്രദേശ് അതിർത്തിയായ ഖാസിപൂരിൽ സമരപന്തലിൽ അവർ എത്തിച്ചേർന്നു. കർഷകരോടൊപ്പം സംസാരിക്കുകയും അവരോടൊന്നിച്ചു മുദ്രാവാക്യം വിളിക്കുകയും ചെയ്ത് സമരത്തിൽ ശക്തമായ പങ്കാളിത്വം വഹിച്ചു. ഡൽഹി സർവകലാശാലയുടെയും ജവഹർലാൽ നെഹ്‌റു സർവകലാശാലയുടെയും കലാ-സാംസ്‌കാരിക കൂട്ടായ്മയായ 'ദസ്തകു'മായി ചേർന്ന് അവർ സമരപ്പന്തലിൽ കലാപരിപാടികൾ അവതരിപ്പിച്ചു. അത് സമരത്തിന്റെ ഊർജം വർധിപ്പിക്കുകയും ചെയ്തു. ബാലപ്രസാദിന്റ വയലിനിലെ മാജിക് സമരമുഖത്ത് ക്ഷണികനേരത്തേക്കാണെങ്കിൽ പോലും സന്തോഷം പടർത്തി എന്നാണ് ശ്യാമിന്റെ അഭിപ്രായം. 'കൊടും തണുപ്പ് പോലും വകവെക്കാതെ നമുക്ക് അന്നം തരുന്ന സ്വന്തം നിലനിൽപിന് വേണ്ടി പൊരുതുന്ന കർഷകരോട് ചേർന്ന് നിൽക്കുകയും മനുഷ്യന്റെ രാഷ്ട്രീയം പാടുകയും പറയുകയും ചെയ്യുന്നത് ഈ കെട്ടകാലത്തിന്റെ ആവശ്യകത തന്നെയാണ്' എന്ന് ബാലപ്രസാദ് പറഞ്ഞു. തുടർന്ന് അഖിലേന്ത്യാ കിസാൻ സഭ ജോയിന്റ് സെക്രട്ടറിയായ വിജു കൃഷ്ണൻ സാറുമായും ജെ എൻ യു വിദ്യാർത്ഥി നേതാവായ ഐഷി ഘോഷുമായും കൂടിക്കാഴ്ച നടത്തി. തിരിച്ചു വരുമോ എന്ന് തീർച്ചയില്ലാത്ത യാത്രയായിരുന്നു അവർക്കത്. അതുകൊണ്ട് തന്നെ സ്വന്തം വീട്ടിൽ പോലും പറയാതെ ആണ് പോയതെന്ന് അശ്വിൻ പറഞ്ഞു. കൂടാതെ 15ന് രണ്ടാം സെമസ്റ്റർ പരീക്ഷയും.

ഖാസിപ്പൂർ നാഷണൽ ഹൈവേയുടെ നാലുവരി പാതയുടെ പകുതി ഭാഗം കൈയ്യേറികൊണ്ടായിരുന്നു പ്രായമായവരും മുലയൂട്ടുന്ന സ്ത്രീകളും കുട്ടികളുമടങ്ങുന്ന കർഷകസംഘങ്ങൾ നിലയുറപ്പിച്ചത്. സമരത്തിൽ സ്ത്രീ പ്രാതിനിധ്യം താരതമ്യേന കുറവായിരുന്നു എന്നാണ് അവർക്ക് അനുഭവപ്പെട്ടത്. അന്തരീക്ഷ മലിനീകരണം പൊടിക്കാറ്റും തണുപ്പുമടങ്ങുന്ന കാലാവസ്ഥ എന്നതൊക്കെയാണ് അവർ നേരിട്ട വെല്ലുവിളികൾ. ട്രാക്ടറാണ് അവിടങ്ങളിൽ പ്രധാനമായും ഗതാഗതത്തിന് ഉപയോഗിച്ചിരുന്നത്. ഹൈവേയുടെ ബാക്കി ഭാഗങ്ങളിലൂടെയുള്ള ഗതാഗതം സുഗമമായിരുന്നു എങ്കിലും വാഹനഗതാഗതം കുറവായിരുന്നു.

ടെന്റുകളിലും ട്രാക്ടറുകളിലും ഉറങ്ങുകയും കമ്മ്യൂണിറ്റി കിച്ചനുകളിൽ ഭക്ഷണം പാകം ചെയ്ത് കഴിക്കുകയും ചെയ്തിരുന്ന കർഷകരെയാണ് അവരവിടെ കണ്ടത്. സമരകേന്ദ്രങ്ങൾ എല്ലാം കോവിഡ് പ്രജനന കേന്ദ്രമായിരുന്നെങ്കിലും സാമൂഹ്യഅകലം പാലിച്ചും മാസ്ക് ഇട്ടും സാനിറ്റൈസ് ചെയ്തും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് സമരത്തിൽ അവർ പങ്കാളികളായത് എന്ന് ശ്യാം തുടർന്നു. സമരത്തിന് ഐക്യദാർഢ്യവുമായി വരുന്ന സംഘടനകൾക്ക് അവരുടെ ആശയം പങ്കുവെക്കുന്നതിനും പ്രതിഷേധിക്കുന്നതിനും തുറന്ന സ്റ്റേജ് അവിടെ ലഭ്യമായിരുന്നു. പല സംഘടനകളുടെയും ആരോഗ്യക്യാമ്പുകൾ അവിടങ്ങളിൽ പ്രവർത്തനസജ്ജമായിരുന്നു. ഡൽഹി അതിർത്തിയിൽ ആയുധധാരികളായ സൈനികരും അർദ്ധസൈനിക വിഭാഗങ്ങളും കർഷകരുടെ ഏത് നീക്കത്തെയും ചെറുക്കാൻ പാകത്തിൽ നിലയുറപ്പിച്ചിരുന്നു. എന്നാൽ ജീവിതസമരം എന്ന നിലയിലേക്ക് കർഷകസമരം മാറിക്കൊണ്ടിരിക്കുകയായിരുന്നു എന്ന് അവർ ഒറ്റസ്വരത്തിൽ പറയുന്നു.

മനുഷ്യൻ വൈകാരിക ജീവിയാണെന്നിരിക്കെ വിശപ്പിനേക്കാളും അവനെ ബാധിക്കുന്നത് മതവും സംസ്കാരവും തന്നെയാണ്. അങ്ങനെ മതവും സംസ്കാരവും പറഞ്ഞ് വോട്ട് നേടുന്ന ഈ നാട്ടിൽ കർഷക സമരത്തിന് ഒരു പരിധിവരെ ജനങ്ങളിൽ സർക്കാരിന്റെ നയങ്ങളോട് എതിർപ്പ് കൊണ്ടുവരാനായെങ്കിൽ കൂടിയും ഇന്ത്യയിൽ വൈചാരികതയേക്കാൾ കൂടുതൽ വൈകാരികതയ്ക്ക് മൂല്യം ഉള്ളതുകൊണ്ട് ഇന്ത്യയിലെ ബി.ജെ.പി സർക്കാരിന്റെ ആയുസ് ഈ വരുന്ന തിരഞ്ഞെടുപ്പ് കൊണ്ടൊന്നും തീർന്നുപോകുന്നതല്ല. എങ്കിലും ലോകചരിത്രം പരിശോധിക്കുമ്പോൾ ഒരു ഏകാധിപതിയും ഏറെ നാൾ നീണ്ടുനിന്നിട്ടില്ല എന്ന് അവർ അവകാശപ്പെടുന്നു. സർക്കാരിനെ നേരിടാൻ കെല്പുള്ള ശക്തമായ ഒരു പ്രതിപക്ഷം ഇന്ത്യയിൽ ഇല്ലെന്നിരിക്കെ ജനങ്ങൾ പ്രതിപക്ഷമാകുന്നു എന്നതാണ് ഈ സമരത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും എന്ന് ശക്തമായി അഭിപ്രായപ്പെട്ടത് അശ്വിനാണ്.

ഇന്ത്യ മഹാരാജ്യം ഇനിയും പുതിയ സമരങ്ങളിലേക്കാണ് നടന്നു നീങ്ങുന്നത് എന്നവർ മുൻകൂട്ടി കാണുന്നു. ഹിന്ദുത്വത്തെ മൃദുഹിന്ദുത്വം കൊണ്ട് നേരിടുകയെന്നത് വ്യർത്ഥമാണ്. വർഗീയ രാഷ്ട്രീയത്തെ ചെറുക്കാൻ ജനാധിപത്യ മതേതര രാഷ്ട്രീയ ആശയങ്ങൾക്ക് മാത്രമേ സാധ്യമാകുകയുള്ളൂ. കോടതിപോലും രാഷ്ട്രീയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ഇതിലും വലിയ സമരങ്ങൾക്കാണ് ഭാരതം ഇനി നേർസാക്ഷ്യം വഹിക്കാൻ പോകുന്നത്. നമ്മുടെ നാളേകൾ എല്ലാം പ്രതിരോധങ്ങളുടേതാണ്. എങ്കിലും കർഷകർ ഒരടി പോലും പിന്നോട്ടില്ല.

# ഇവിടുണ്ട് നന്മയുള്ള കുറെ ഫ്രെയിമുകൾ

**അശ്വതി രാജ് എ**

**തിരുവനന്തപുരം**

ഫ്രെയിമുകളുടെ വലിയൊരു കഥ പറയുകയാണ് ജിഷ്ണു. കഥകൾ പറയുന്നത് മാത്രമല്ല കാഴ്ചക്കാരുടെ നോട്ടങ്ങളെ കുറെ നേരത്തേക്കെങ്കിലും തൻറെ ചിത്രങ്ങളിൽ എത്തിച്ച് അവയുടെ നന്മ പങ്കുവയ്ക്കുകയാണ് തിരുവനന്തപുരം പട്ടം സ്വദേശി 22 വയസ്സുകാരൻ ജിഷ്ണു.



*ജിഷ്ണു പ്രകാശ്*

പതിനൊന്നോളം ഫോട്ടോ പ്രദർശനങ്ങൾ തെരുവിൽ നടത്തി സോഷ്യൽ മീഡിയയിൽ ശ്രദ്ധനേടിയ ഈ ചെറുപ്പക്കാരൻ ഗവൺമെൻറ് ആർട്സ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും തുടർന്ന് കാര്യവട്ടം ഗവ: കോളേജിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും ചെയ്തുകൊണ്ടിരിക്കുന്നു. കൂലിപ്പണിക്കാരനായ അച്ഛൻ സമ്മാനിച്ച ഫോണിൽ തുടങ്ങിയ ഫോട്ടോഗ്രാഫി, പ്രതീക്ഷയുടെ വലിയൊരു തലത്തിൽ എത്തിച്ചു നിർത്തിയിരിക്കുകയാണ് ഈ കലാകാരൻ. ചിത്രം പങ്കുവയ്ക്കുന്നത് ആ ഫ്രെയിമിൽ ഉൾപ്പെടുന്നവരുടെ ആകുലതകളും ആഹ്ലാദങ്ങളും കഥകളും അനുഭവങ്ങളും ഒക്കെ ആകാം എന്ന് ജിഷ്ണു വിശ്വസിക്കുന്നു. ഗാലറിയിൽ പ്രദർശിപ്പിച്ചു ചുരുക്കം ചിലർ മാത്രം കണ്ടു നീങ്ങുന്നതിനപ്പുറം, വഴിയോരത്ത് നടന്നു നീങ്ങുന്ന പലതരത്തിലും ഭാവത്തിലും ഉള്ള മനുഷ്യരെല്ലാം കണ്ടു പങ്കു വയ്ക്കപ്പെടുന്നതിലൂടെ ഓരോ ചിത്രത്തിനും ജനകീയ സ്വഭാവം നിലനിർത്താൻ ജിഷ്ണു ആഗ്രഹിക്കുന്നു. പഠന ചെലവുകൾ നടത്താൻ ചെറിയ പണികൾ ചെയ്തു ജീവിക്കുന്ന ജിഷ്ണുവിന് മലയാള അധ്യാപകൻ ആകാൻ ആണ് ആഗ്രഹം.

പ്രശസ്ത ഫോട്ടോഗ്രാഫർ രഘുറാമിന്റെ അസിസ്റ്റൻറ് ആയി കുറച്ചുകാലം നിലനിൽക്കാൻ കഴിഞ്ഞുവെന്നത് ജിഷ്ണുവിന്റെ വലിയ നേട്ടങ്ങളിലൊന്നാണ്. ഇൻസ്റ്റഗ്രാമിൽ പങ്കുവയ്ക്കുന്നതിനും അപ്പുറം കഥപറയുന്ന മറ്റുള്ളവരുടെ സന്തോഷവും സങ്കടവും ചേർത്തുവയ്ക്കുന്ന ചിത്രങ്ങളെടുത്തു സൂക്ഷിക്കുകയാണ് ഈ ചെറുപ്പക്കാരന്റെ ലക്ഷ്യം.

കൊറോണ കാലത്ത് നിറം മങ്ങി പോകും എന്ന് പ്രതീക്ഷിച്ച ഇരുപത്തിയഞ്ചാം ഐ എഫ് എഫ് കെയുടെ വലിയൊരു നിറമായിരുന്നു ഈ 22 കാരൻ ടാഗോർ തിയേറ്ററിന്റെ വീഥിയിൽ പ്രദർശിപ്പിച്ച ജീവനുള്ള ചിത്രങ്ങൾ. മേള കാണാൻ എത്തിയ ഏവരുടെയും കണ്ണുടക്കിയ മികച്ച കുറെ ചിത്രങ്ങൾ സമ്മാനിച്ച് പ്രദർശനത്തിന് അരികിൽ നിറഞ്ഞ നന്മയുള്ള ഒരു ചിരിയും സമ്മാനിച്ചു നിൽക്കുകയായിരുന്നു ജിഷ്ണു.

വലിയ അവസരങ്ങൾക്കപ്പുറം കണ്ടു പോകുന്നവർ തൻറെ ഡയറിയിൽ കുറിച്ചിടുന്ന വാക്കുകളാണ് ഓരോ പ്രദർശനത്തിന്റെയും നേട്ടം എന്ന് ഈ ചെറുപ്പക്കാരൻ വിശ്വസിക്കുന്നു.

‘ഓരോ ഫ്രെയിമും പറയുന്ന കഥകളാണ് ജീവിതത്തിലെ സുഖവും ദുഃഖവും, അതിനുള്ള വലിയ പ്രചോദനവും കൈത്താങ്ങും എന്നെപ്പോലെ പുഞ്ചിരിച്ചു മാത്രം നിൽക്കുന്ന എൻറെ അമ്മ തന്നെയാണ്‘ -ജിഷ്ണു പ്രകാശ് പറയുന്നു.

# ചിരിയുടെ അമിട്ട്




**അനന്തു ജെ എ**

സിനിമയിലെ കഥാപാത്രങ്ങളുടെ സംഭാഷണ രംഗങ്ങൾ അടർത്തിയെടുത്ത് അതിൽ നർമ്മം കലർത്തി എടുക്കുന്ന രീതിയാണ് ട്രോളുകൾ. ആസ്വാദകനെ ചിരിയുടെയും ചിന്തയുടെയും ആസ്വാദനത്തിന്റേയും പരകോടിയിൽ എത്തിക്കുന്ന സൃഷ്ടികൾ. ഒരുകാലത്ത് ഓട്ടൻതുള്ളലും, പിന്നീട് പത്രങ്ങളിലും വാരികകളിലും അച്ചടിച്ചുവന്ന കാർട്ടൂണുകളും നിർവഹിച്ചിരുന്ന ധർമ്മം ഇന്ന് ഒരുപക്ഷേ ട്രോളുകളിലൂടെ പൂർത്തീകരിക്കപ്പെടുന്നു. പ്രധാനമായും ചലച്ചിത്രങ്ങളിലെ ഹാസ്യ രംഗങ്ങളും കഥാപാത്രങ്ങളുടെ സംഭാഷണ ശകലങ്ങളും യോജിപ്പിച്ചാണ് ട്രോളുകൾ നിർമ്മിക്കുന്നത്. ഏതെങ്കിലും ഒരു വിഷയത്തോട് ഒരു കഥാപാത്രം പ്രതികരിക്കുന്നതായി നർമ്മ രൂപേണ അവതരിപ്പിക്കുന്നതാണ് മിക്ക ട്രോളുകളും. ഭൂരിഭാഗം ട്രോളുകളും ചിരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിർമിക്കപ്പെടുന്നത്. വാർത്താധിക്യം മൂലം നിജ വാർത്തയും വ്യാജ വാർത്തയും തിരിച്ചറിയാൻ പറ്റാത്ത ഈ കാലത്ത്

വ്യക്തമായ ധാരണകളോ ഉദ്ദേശ്യങ്ങളോ ഇല്ലാതെ ഒരു ട്രോളും സൃഷ്ടിക്കപ്പെടുന്നില്ല. ഒരു ട്രോൾ പോലും കാണാതെ ഒരു ദിവസവും ഇവിടെ ആരും ഉറങ്ങുന്നില്ല. ട്രോളുകൾ ഇന്ന് അത്രമേൽ നമ്മളെ സ്വാധീനിക്കുന്നു. അതെ ഇന്ന് നാം ജീവിക്കുന്നത് ട്രോളുകൾ ചർച്ചചെയ്യുന്ന സമകാലിക രാഷ്ട്രീയത്തിനുള്ളിലാണ്, അവയ്ക്കുള്ളിലെ അജണ്ടക്ക് ഉള്ളിലാണ്. ട്രോളുകൾ ഇന്ന് ദുർബലന്റെ ചിരിയാണ്, അവന്റെ ഭാവിയും വർത്തമാനവുമാണ്.

ജനാധിപത്യത്തിൽ വോട്ട് ചെയ്യാൻ മാത്രം വിധിക്കപ്പെട്ട സാധാരണക്കാരന് തങ്ങളെ കാലാകാലങ്ങളായി ചൂഷണം ചെയ്യുന്ന അധികാര വർഗ്ഗത്തിന് നേരെ പ്രയോഗിക്കാൻ കഴിയുന്ന മൂർച്ചയേറിയ ആയുധമാണ് ട്രോൾ.

## കാർട്ടൂൺ ചിന്ത




വര: കേണൽ അനീഷ്മോൻ

ചീഫ് എഡിറ്റർ : ഡോ. പി. ലാൽമോഹൻ
ഇഷ്യൂ എഡിറ്റർ : ഡോ. എം. എസ് ഹരികുമാർ

എഡിറ്റോറിയൽ ബോർഡ്:
അനശ്വര യു
മുഹമ്മദ് ബിലാൽ ഹുസൈൻ ജി
കേണൽ അനീഷ്മോൻ എം എസ്

ഡിസൈൻ : അരുൺ കൃഷ്ണൻ എസ്
സ്റ്റുഡൻഡ് എഡിറ്റർ : ആതിര എസ്

http://dcjku.in/
dcjkerala@gmail.com

# പടരുകയാണ് കനൽ



*ടീം കനൽ*

അശ്വതി രാജ് എ

കുട്ടികളുടെ ഉന്നമനത്തിനും സമൂഹത്തിൽ താഴെക്കിടയിലുള്ളവരുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന 'കനൽ' ഇന്നോവേഷൻസ് ചാരിറ്റബിൾ ട്രസ്റ്റ് 2017 ലാണ് കൊല്ലത്ത് രൂപീകരിക്കപ്പെട്ടത്. കുട്ടികളുടെ നേതൃത്വപാടവം, ശൈശവാവസ്ഥയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, ലൈംഗികാതിക്രമങ്ങൾ, മദ്യപാനം മയക്കുമരുന്ന് പോലുള്ള വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഉദ്ബോധന പരിപാടികൾ മുഖേന മാതാപിതാക്കളെയും കുട്ടികളെയും ഏകോപിപ്പിക്കാൻ ആണ് പരിശ്രമിച്ചു വരുന്നത്. കുട്ടികളിൽ അവരുടെ കഴിവുകൾ മനസ്സിലാക്കി ഏകീകൃതമായി അവരുടെ ആത്മവിശ്വാസം വർധിപ്പിച്ചു കൊണ്ട് അവരിൽ ആവേശം ഉണ്ടാക്കുന്ന ശിക്ഷണ പരിപാടിയാണിത്. ഇതുവരെ ഏകദേശം 20,000 ത്തോളം കൗൺസിലിംഗ് കുട്ടികൾക്കായി ഗവൺമെൻറ് ഡിപ്പാർട്ട്മെൻറുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

കുറച്ചുകാലം കൊണ്ട് കനൽ കുട്ടികളുടെ ഉന്നമനത്തിനായി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ വ്യക്തിമുദ്ര പതിപ്പിച്ചു. വനിതാ കമ്മീഷൻ, സാമൂഹിക നീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കേരള പോലീസ്, കേരള നിർഭയാ സെൽ, ചൈൽഡ് ലൈൻ തുടങ്ങിയവയുമായി സഹകരിച്ച് കനൽ വിവിധ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ വനിതാ കോളേജ് തിരുവനന്തപുരം തുടർവിദ്യാഭ്യാസ സമിതിയിൽ കനൽ ഒരു പങ്കാളിയാണ്.

# നീലച്ചടയനിലെ നീലച്ചടയൻ വായിക്കുമ്പോൾ

അശ്വിൻ എസ് കുമാർ


ലഹരിയുടെ അതിരുകടന്ന ഉന്മാദ അവസ്ഥയുടെ ഒരു രേഖാചിത്രത്തിലൂടെയാണ് 'നീലച്ചടയന്റെ ' യാത്ര പുരോഗമിക്കുന്നത്. മനസ്സിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ട ഒരുപറ്റം യുവ പ്രതിനിധികളുടെ വ്യത്യസ്ത ചിന്താഗതിയിലൂടെ രചനയുടെ ഉൾക്കാമ്പ് വ്യക്തമാക്കുന്നു. ബാല്യകാല സ്മരണയിൽ തന്നെ ലഹരിക്ക് ഒരു അവിഭാജ്യസ്ഥാനം നൽകിക്കൊണ്ടാണ് കഥാനായകന്റെ ഓർമ്മകൾ കഥ പറയുന്നത്. മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ ലഹരി ഉപയോഗിച്ച് കണക്ക് ടീച്ചറിനെ വധിക്കാനുള്ള ഗൂഢാലോചനകൾ നടത്തുന്നതു മുതൽ തുടങ്ങുന്ന അക്രമാസക്തമായ പ്രവണത കഥാന്ത്യം വരെ കഥാപാത്രങ്ങളുടെ ചേഷ്ഠകളിലൂടെ പുറത്തോട്ട് വമിക്കുന്നുണ്ട്.

ലഹരിയെന്നത് സ്വശരീരത്തിന് പ്രധാനം ചെയ്യുന്ന ഉന്മാദത്തിനു പുറമെ മറ്റൊരു ശരീരത്തിനോടുള്ള അമിതാർത്തി ആണെന്നും നീലച്ചടയൻ പറയുന്നുണ്ട്. പെണ്ണിനെ ഭോഗവസ്തുവായി മാത്രം കാണുന്ന നായകന്റെ കഥാപാത്രം കഥയുടെ പല തലങ്ങളിലും തന്റെ അടങ്ങാനാകാത്ത കാമദാഹത്തിന്റെ ലക്ഷണങ്ങൾ പുറത്തു കാട്ടുന്നുണ്ട്. അതോടൊപ്പം തന്നെ തന്റെ സൗഹൃദങ്ങളിലൂടെ തന്റെയീ മാനസികാവസ്ഥയ്ക്കുള്ള മറുമരുന്നു തിരഞ്ഞു പോകുന്നുമുണ്ട്.

ഓരോ മനുഷ്യനും അവന്റേതായ ഓരോ വ്യക്തിത്വമുണ്ട്. അതാണ് അവരെ പരസ്പരം വ്യത്യസ്തരാക്കുന്നതും എന്നാൽ വ്യക്തിത്വം നശിക്കുന്നയിടത്തു മനുഷ്യൻ അവന്റെ സ്വന്തം നിലപാടും നിലനില്പ്പും നഷ്ടപ്പെടുത്തുകയും മറ്റൊന്നിലേക്കു പരകായ പ്രവേശനം നടത്താനുള്ള ആസക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതിർത്തിവരമ്പുകൾക്കപ്പുറമുള്ള പുക ചുരുളുകളുടെ പ്രവാഹത്തിൽ നിന്നും സ്വബോധം കൈവെടിഞ്ഞു മറ്റൊരു പരകായ പ്രവേശനത്തിന് സമർപ്പിക്കപ്പെടുന്ന അഭിയുടെ കഥാപാത്രം 'നീലച്ചടയൻ' മുന്നോട്ടു വയ്ക്കുന്ന മറ്റൊരു രേഖാചിത്രമാണ്. പുലിയും ദ്രൗപതിയും പുരോചനും ത്രയംബകനും എല്ലാം ഒന്നുതന്നെയാണെന്ന് പ്രതിപാദിക്കപ്പെടുന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥയുടെ അർത്ഥ തലങ്ങളിൽ ഏറെ പ്രസക്തമായ പങ്ക് വഹിക്കുന്നു.

'നീലച്ചടയൻ ' എന്നത് ഒരു ലഹരി വസ്തു എന്ന നിർവചനത്തിനതീതമായി ഒരു ലഹരിയാൽ ചിന്താശക്തിയിൽ ക്രമക്കേടു വന്ന ചില 'വസ്തുക്കൾ' എന്ന പ്രയോഗത്തിന് ഊന്നൽ നൽകുന്നുണ്ട്. ഒരു തരത്തിൽ നോക്കിയാൽ എഴുത്തുകാരനായ അഖിൽ.കെ നടത്തിയ ഒരു നിരീക്ഷണ പാടവമായിട്ടു തന്നെ ഈ കഥയെ കണക്കിലെടുക്കാം. സ്വബോധമില്ലാതായി പരസ്പര വിരുദ്ധമായ ചിന്തകളിലും പ്രവർത്തികളിലുമേർപ്പെടുന്ന ഒരു പൊതുപക്ഷത്തിന്റെ സംക്ഷിപ്ത ഭാഗത്തിന്റെ വരച്ചുകാട്ടൽ പുകച്ചു തള്ളുന്ന പുകചുരുളുകളിലൂടെ നഷ്ടപെടുന്ന യുവത്വത്തിന്റെ പ്രസരിപ്പും ചത്തുചീഞ്ഞൊടുങ്ങുന്ന മാനുഷിക മൂല്യങ്ങളുമെല്ലാം കഥയുടെ അകത്തളങ്ങളിൽ വീർപ്പുമുട്ടി കിടക്കുന്നുണ്ട്. വായനയുടെ ഒരു കോണിൽ ആ പുകച്ചുരുളുകൾ പ്രത്യക്ഷപ്പെടും. ചടഞ്ഞൊടുങ്ങുന്ന ചില ചെറിയ വലിയ വികാരജീവികളുടെ കാഴ്ചപ്പാടുകളിലൂടെയുള്ള യാത്രയുടെ ദൃശ്യാവിഷ്കാരം അതാണ് നീലച്ചടയൻ.

# ദേശീയ ചലച്ചിത്ര പുരസ്കാരം-2019



# മഹത്തായ ഭാരതീയ അടുക്കള: അവലോകനം

**ആതിര എസ്**

മലയാളി ഇതുവരെ കണ്ടുശീലിച്ച പതിവ് സിനിമകളിൽനിന്നും തികച്ചും വേറിട്ട ചിത്രമാണ് 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ '. കേരളത്തിലെ ഭൂരിഭാഗം വീടുകളിലെയും അടുക്കളകളിൽ എരിഞ്ഞടങ്ങുന്ന സ്ത്രീ ജീവിതങ്ങളെ സമൂഹത്തിനുമുന്നിൽ വരച്ചു കാട്ടുകയാണ് 'ഈ മഹത്തായ ഭാരതീയ അടുക്കള'. ജിയോ ബേബി സംവിധാനം നിർവഹിച്ച ചിത്രത്തിൽ ആദ്യാവസാനം വരെയും ചർച്ച ചെയ്യുന്നത് പുരുഷാധിപത്യവും സ്ത്രീ സ്വാതന്ത്ര്യവുമാണ്.



2021 ജനുവരി 15 ന് പ്രദർശനത്തിനെത്തിയ ചിത്രത്തിൽ സുരാജ് വെഞ്ഞാറമൂട്, നിമിഷ സജയൻ എന്നിവർ പ്രധാന കഥാപാത്രങ്ങളായി എത്തുന്നു. 'തൊണ്ടിമുതലും ദൃക്സാക്ഷിയും' എന്ന ചിത്രത്തിന് ശേഷം നിമിഷ - സുരാജ് ജോഡികൾ ഒന്നിച്ചെത്തുന്ന ഈ ചിത്രം പരക്കെ ചർച്ചചെയ്യപ്പെട്ടു.

ആദ്യമായി സുരാജിനെയും നിമിഷയെയും കണ്ടുമുട്ടുമ്പോൾ അപരിചിതരായ രണ്ടു വ്യക്തികളെയാണ് നമ്മൾ കാണുന്നത്. പകുതിയിലേറെ ഭാഗവും അടുക്കളയെ കേന്ദ്രമാക്കുമ്പോൾ ഒരുതരം വിരസത നമുക്ക് ചിത്രത്തോട് തോന്നേണ്ടതാണ്, പക്ഷേ അങ്ങനെയൊരു വിരസത തോന്നില്ല, കാരണം എന്നെപ്പോലെയോ നിങ്ങളെപ്പോലെയോ ഉള്ള ഒരു കൂട്ടം സ്ത്രീകളുടെ ജീവിതത്തിലേക്ക് തുറന്നുപിടിച്ച ഒരു കണ്ണാടിയാണ് ഈ ചിത്രം.

വിദേശപശ്ചാത്തലമുള്ള കുടുംബത്തിൽ നിന്നും പരമ്പരാഗത നായർ തറവാട്ടിലേക്ക് കടന്നു വരുന്ന നായികയുടെ ജീവിതാനുഭവങ്ങളിലൂടെയാണ് സിനിമയുടെ മുന്നോട്ടുള്ള യാത്ര. ചിത്രത്തിന്റെ തുടക്കത്തിലെ നൃത്തരംഗത്തിലും കല്യാണ ദിവസത്തിലും നായികയുടെ മുഖത്ത് നിറഞ്ഞു നിൽക്കുന്ന ചിരി പിന്നീട് സിനിമയിലുടനീളം അപ്രത്യക്ഷമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ നായിക വിവാഹശേഷം അടുക്കളയിൽ കുടുങ്ങിപ്പോവുകയും അടുക്കളമുറിയിലും കിടപ്പറയിലുമായുള്ള അവളുടെ മുന്നോട്ടുള്ള ജീവിതവുമാണ് സിനിമ. രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ ഒട്ടേറെ കോളിളക്കം സൃഷ്ടിച്ച ചിത്രം ഈ നൂറ്റാണ്ടിലും ആർത്തവം അശുദ്ധിയായി കാണുന്ന സമൂഹത്തെ തുറന്നുകാട്ടുന്നു. പുരുഷ മേൽക്കോയ്മയ്ക്ക് മുൻതൂക്കം നൽകുന്നവർക്ക് ഒരു നിമിഷമെങ്കിലും തങ്ങളുടെയുള്ളിലെ പുരുഷ വികാരങ്ങളെ വ്യണപ്പെടുത്താതെ ഈ സിനിമ കണ്ടവസാനിപ്പിക്കാൻ കഴിയില്ല.

ഭാര്യയുടെ ആവശ്യങ്ങളെ ഒന്നും തന്നെ ചെവിക്കൊള്ളാത്ത നായക കഥാപാത്രം പുഞ്ചിരിയും സ്നേഹ പ്രകടനവും ആയുധമാക്കുന്നു. ശബരിമല സ്ത്രീ പ്രവേശന വിഷയവും സിനിമയുടെ ഒരു ഘട്ടത്തിലൂടെ മിന്നിമായുന്നു. കഥയോട് പൂർണമായും നീതി പുലർത്തികൊണ്ടുള്ള റിയലിസ്റ്റിക് അവതരണ രീതിയാണ് സംവിധായകൻ സ്വീകരിച്ചിരിക്കുന്നത്. പാത്രത്തിന്റെ ശബ്ദം, കറിക്കരിയുന്ന ശബ്ദം, വിറക് കത്തുന്ന ശബ്ദം, വെള്ളം വീഴുന്ന ശബ്ദം, എന്നിങ്ങനെയുള്ള സ്വാഭാവിക ശബ്ദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

നിമിഷയുടെ പ്രശംസനാർഹമായ പ്രകടനമാണ് ഈ ചിത്രത്തിന്റെ നെടുംതൂൺ എന്ന് തന്നെ പറയാം. സ്ത്രീപക്ഷമാണെന്ന് അവകാശപ്പെടുന്ന പല ചിത്രങ്ങളിലെയും പതിവ് രീതിയിൽ നിന്നും വേറിട്ട ചിത്രമാണ് ഈ മഹത്തായ ഭാരതീയ അടുക്കള.

# പുരസ്കാര നിറവിൽ അഖിൽ

**അനന്ദു ജെ എ**

നമ്മുടെ കൂടെയുള്ള ഒരാൾ, എന്നാൽ നമ്മളെ പോലെയല്ലാത്ത ഒരാൾ, ഇന്നത്തെ യാത്ര അയാളെ തേടിയാണ്. ആൾ ഇന്ത്യ കൊറോണ അവയർനസ് ഫിലിം കോമ്പറ്റീഷൻ ഫോർ സ്റ്റുഡൻസിൽ സമ്മാനം നേടിയ 'ദ ഡിസ്റ്റൻസ്' എന്ന ഹ്രസ്വ ചിത്രത്തിന്റെ അമരക്കാരനെ തേടിയുള്ള നിങ്ങളുടെ യാത്ര അവസാനിക്കുന്നത് കാര്യവട്ടം ക്യാമ്പസ്സിലെ എംസിജെ ഡിപ്പാർട്ട്മെന്റിലെ രണ്ടാം വർഷ ക്ലാസ്സ് മുറിയിലായിരിക്കും. ക്യാമറകളെയും ഫ്രയിമുകളെയും സിനിമയെയും പ്രണയിക്കുന്ന അഖിൽവിജയൻ എന്ന വിദ്യാർത്ഥിയെ നിങ്ങൾക്കവിടെ കാണാൻ കഴിയും. നേരത്തെസൂചിപ്പിച്ച 'ദ ഡിസ്റ്റൻസ്' എന്ന ഹ്രസ്വ ചിത്രത്തിന്റെ സംവിധായകൻ. കൊറോണ സമയത്ത് നിർമ്മിച്ച തന്റെ ഹ്രസ്വ ചിത്രങ്ങൾ നേട്ടങ്ങൾ സ്വന്തമാക്കി കൊണ്ടിരിക്കുന്നതിനിടയിലും അയാൾ തന്റെ സിനിമാ സ്വപ്നങ്ങളും സിനിമാ കാഴ്ചപ്പാടുകളും വ്യക്തമാക്കുകയാണ്.



*അഖിൽ വിജയൻ*

സിനിമ കണ്ടു തന്നെയാണ് അയാൾക്ക് സിനിമയിൽ താൽപ്പര്യമുണ്ടായത്. ഭാഷയുടെ അതിർവരമ്പുകൾ നോക്കാതെ, ചെറിയ സിനിമയെന്നോ വലിയ സിനിമയെന്നോ വ്യത്യാസമില്ലാതെ അയാൾ സിനിമ കണ്ടു. ദൂരദർശനിലെ ടെലിഫിലിമുകൾ വരെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്ന ഒരു കൊച്ചു കുട്ടി ഒരു പക്ഷേ ഇപ്പോഴും അയാൾക്കുള്ളിൽ തന്നെയുണ്ട്. പിന്നീടെപ്പോഴോ സിനിമയുടെ സാങ്കേതികതയെ കുറിച്ച് അവൻ ചിന്തിക്കാൻ തുടങ്ങി, ഷോട്ടുകളും സീനുകളും ശ്രദ്ധിച്ചു..

കഥാപാത്രങ്ങളും അതഭിനയിക്കുന്ന അഭിനേതാക്കളും മറ്റൊരു പ്രത്യേകതയാണ്. അഭിനേതാക്കളെ മുൻകൂട്ടിക്കണ്ട് കഥാപാത്രങ്ങളെ സൃഷ്ട്ടിക്കുന്നവരുണ്ട്. അല്ലെങ്കിൽ കഥാപാത്ര സൃഷ്ടിക്കു ശേഷം അഭിനേതാവിനെ തിരഞ്ഞെടുക്കും. 'ദ ഡിസ്റ്റൻസ്' എന്ന ഷോർട്ട് ഫിലിമിലെ കഥാപാത്രമായ വീട്ടമ്മയും നായയുമൊക്കെ അഖിലിന് നേരിട്ടറിയാവുന്നവർ തന്നെയാണ്. നമുക്ക് കംഫർട്ടബിൾ ആയ അഭിനേതാക്കളെ ലഭിക്കുക എന്നത് വളരെ വലിയ കാര്യം തന്നെയാണ്. സിനിമയെ താരാരാധനയ്ക്കും അപ്പുറത്തേക്ക് നോക്കിക്കാണുന്ന ഒരായിരം ആൾക്കാർ നമുക്കിടയിലുണ്ട്. സിനിമയെ നല്ല സിനിമയെന്നോ മോശം സിനിമയെന്നോ വേർതിരിക്കാത്ത, എല്ലാ സിനിമയുടെയും ഉള്ളിലടങ്ങിയിരിക്കുന്ന മാജിക്കിനെ പ്രണയിക്കുന്നവർ, സിനിമയെ കലയായും ജീവിതമായും കാണുന്നവർ. സിനിമയുടെ ലോകം വിശാലമാണ് അതിന്റെ ആന്തരികതലങ്ങളും വിശാലമാണ്. അഖിൽ നാളത്തെ സിനിമയുടെ വക്താവായേക്കാം അല്ലെങ്കിൽ വാണിജ്യ സിനിമയുടെ അന്തരാളങ്ങളിൽ ആഴ്ന്നുപോയേക്കാം, അത് അയാളുടെ ഭാവികാലം തീരുമാനിക്കട്ടെ! അപ്പോഴും സിനിമയെ ജീവിതമായികാണുന്ന, സ്വപ്നം കാണുന്ന ഒരായിരം പേർ വന്നു കൊണ്ടിരിക്കും.. അവർ സിനിമയിൽ പുതു പരീക്ഷണങ്ങൾ നടത്തികൊണ്ടിരിക്കും.

# വെർച്വൽ വേലി തീർക്കുമ്പോൾ

**ആകാശ് കൃഷ്ണ വി**

സമൂഹ മാധ്യമങ്ങളെയും സ്ട്രീമിംഗ് സേവന ദാതാക്കളെയും പിടിച്ചു കെട്ടിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ പുതിയ നിയന്ത്രണങ്ങൾ. പുതിയ നിയമപ്രകാരം ഈ സേവനങ്ങളെ 3 ഘട്ടങ്ങളായി നിയന്ത്രണങ്ങൾക്ക് വിധേയമാക്കും. ഫേസ്ബുക്ക്, ട്വിറ്റർ പോലുള്ള സമൂഹ മാധ്യമങ്ങളും, ആമസോൺ പ്രൈം, നെറ്റ്ഫ്ളിക്സ് പോലുള്ള ഒടിടി പ്ലാറ്റ്ഫോമുകളും ദ സ്ക്രോൾ, ദ ക്വിൻറ്, ദ വയർ, ദ ക്യൂ എന്നീ ഡിജിറ്റൽ ന്യൂസ് സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നവയാണ്.




29 പേജ് അടങ്ങുന്ന നിയമത്തിന്റെ കരട് രൂപത്തിൽ ഉപഭോക്താക്കളുടെ സ്വകാര്യതയിലേക്കുള്ള കൈകടത്തൽ, ഡിജിറ്റൽ മാധ്യമങ്ങളുടെ സെൻസർഷിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ ഇത് ഭിന്നാഭിപ്രായം ഉയർത്തിയിട്ടുണ്ട്.

## നിയന്ത്രണം മൂന്ന് ഘട്ടങ്ങളിൽ

ഒന്നാം ഘട്ടം: സ്വയം നിയന്ത്രണം. കമ്പനികൾ ഉപഭോക്താക്കളുടെ പരാതികളും ആവശ്യങ്ങളും കേൾക്കാൻ ഗ്രീവൻസ് റിഡ്രസൽ ഓഫീസർ ഉൾപ്പടെ മറ്റു ഉദ്യോഗസ്ഥരെ നിയമിക്കണം.

രണ്ടാം ഘട്ടം: സേവനദാതാക്കൾ അവർക്ക് വരുന്ന പരാതികൾ, വിദഗ്ധർ അടങ്ങുന്ന സഭയ്ക്ക് അയക്കുകയും, അവരുടെ തീരുമാനങ്ങൾ സ്വീകരിച്ച് ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ഒരു റിട്ടയേർഡ് ജഡ്ജി ഉൾപ്പടെയുള്ള വിദഗ്ദ്ധസഭ ആയിരിക്കും ഗവൺമെന്റ് നിയമിക്കുക.

മൂന്നാം ഘട്ടം: ജനങ്ങളിലേക്ക് എത്തുന്ന കാര്യങ്ങളെ നിയന്ത്രണ വിധേയമാക്കാൻ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം നിയമിക്കുന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് കമ്മിറ്റി നിലവിൽ വരും. ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ്, ശിശു ക്ഷേമം, നീതി ന്യായ വകുപ്പ്, ആഭ്യന്തര വകുപ്പ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ മന്ത്രാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്നതാണ് കമ്മിറ്റി.

# കേരള ക്രിക്കറ്റിൽ മാറ്റത്തിന്റെ കാറ്റ്

**ബിലാൽ ഹുസൈൻ**
**തിരുവനന്തപുരം**

ഇന്ത്യൻ ക്രിക്കറ്റിൽ എടുത്തുപറയാൻ മാത്രം ചരിത്രമുള്ള ബോർഡല്ല കേരള ക്രിക്കറ്റ് അസോസിയേഷൻ. എഴുപത് വർഷത്തിൽ ഇന്ത്യൻ കുപ്പായം അണിഞ്ഞത് വെറും മൂന്ന് പേരാണ് എന്ന കണക്കിൽ അത് വ്യക്തവുമാണ്. പക്ഷേ കേരള ടീമിന്റെ സമീപ കാല പ്രകടന മികവും, ഈ കാലയളവിൽ മുൻനിരയിലേക്ക് എത്തിപ്പെട്ട കേരള ടീം താരങ്ങളുടെ എണ്ണവും വ്യക്തമായ മാറ്റങ്ങളുടെ അടയാളമാണ്.

ഇന്ത്യൻ ആഭ്യന്തര ക്രിക്കറ്റിലെ ദുർബലരായ ടീമുകളിൽ ഒന്നായി എല്ലാവരും കണക്കാക്കിയിരുന്ന കേരള ടീം ഇന്ന് ആരെയും പരാജയപ്പെടുത്താൻ കഴിയുന്ന സംഘമായി മാറിയിരിക്കുന്നു. ഒരു ടൂർണമെന്റ് വിജയം പോലും സ്വന്തം പേരിലില്ലാത്ത ടീം



*സഞ്ജു സാംസൺ*

2018–19 സീസണിൽ തങ്ങളുടെ എക്കാലത്തും മികച്ച രഞ്ജി സീസൺ കളിച്ച് സെമി-ഫൈനൽ വരെ എത്തി. ഈ വർഷത്തെ മുഷ്താഖ് അലി ടി ട്വന്റി ടൂർണമെന്റിൽ ഡൽഹി, മുംബൈ പോലുള്ള വമ്പന്മാർക്കെതിരെ വളരെ മികച്ച വിജയങ്ങൾ സ്വന്തമാക്കി.

### ഐപിഎല്ലിലെ മലയാളി സാന്നിധ്യം!

ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ആദ്യ പതിപ്പിൽ ഭാഗമായത് ഒരു കേരള ക്രിക്കറ്റർ മാത്രമാണ്. ഇന്ന് പതിനാലാം അധ്യായത്തിനുള്ള ടീമുകളുടെ ഭാഗമായി കേരള ടീമിൽ നിന്നും എട്ട് താരങ്ങളുണ്ട്. ഇതിലൊരാൾ ഒരു ടീമിന്റെ ക്യാപ്റ്റനാണ് എന്നത് ഇരട്ടി മധുരവും!

ഇക്കഴിഞ്ഞ മുഷ്താഖ് അലി ടി ട്വന്റി ടൂർണമെന്റിൽ മികച്ച പ്രകടനം പുറത്തെടുത്ത കേരള ടീമിലെ എട്ട് പേരാണ് വിവിധ ടീമുകളിലായി ഐപിഎൽ കളിക്കാൻ ഒരുങ്ങുന്നത്. സഞ്ജു സാംസൺ സച്ചിൻ ബേബി, മുഹമ്മദ് അസ്ഹറുദീൻ കെ. എം ആസിഫ്, റോബിൻ ഉത്തപ്പ ബേസിൽ തമ്പി വിഷ്ണു വിനോദ്, ജലജ് സക്സേന എന്നിവരാണ് ഐപിഎൽ പതിനാലാം അധ്യായത്തിന്റെ ഭാഗമാവാൻ പോവുന്ന കേരള താരങ്ങൾ.

### ക്യാപ്റ്റൻ സഞ്ജു!

സഞ്ജു സാംസൺ എന്ന പേര് ക്രിക്കറ്റ് ലോകം കേട്ടു തുടങ്ങുന്നത് 2013 ലാണ്. രാജസ്ഥാൻ റോയൽസ് ടീമിലെ പതിനേഴുവയസുകാരൻ മലയാളിപയ്യൻ എന്ന ലേബലിൽ സഞ്ജു കേരളത്തിലെ ക്രിക്കറ്റ് ആരാധകർക്ക് പ്രിയങ്കരനായി മാറി. കമന്റേറ്ററുമാരും നിരൂപകരും സഞ്ജുവിനെ കുറച്ചു വാതോരാതെ സംസാരിക്കുമ്പോഴും മികച്ച പ്രകടനങ്ങളുടെ സ്ഥിരത കൈവരിക്കുന്നതിൽ സഞ്ജുവിന് എല്ലായ്പ്പോഴും വിജയിക്കാനായില്ല. ഈ കാരണത്താൽ ഇന്ത്യൻ ടീമിലേക്ക് എത്തിപ്പെടുന്നതും ദുഷ്കരമായി. എല്ലാവരെയും ഞെട്ടിച്ചു കൊണ്ട് രാജസ്ഥാൻ റോയൽസ് സഞ്ജുവിനെ തങ്ങളുടെ ക്യാപ്റ്റൻ ആയി നിയമിച്ചിരിക്കുകയാണ്. ഐപിഎൽ പതിനാലാം സീസണിൽ മലയാളി ആരാധകരുടെ കാത്തിരിപ്പ് ക്യാപ്റ്റൻ സഞ്ജുവിന്റെ മികച്ച പ്രകടനങ്ങൾ കാണാൻ കൂടി ആവും.

### പുതിയ ടൂർണമെന്റും ഭാവിയും!

രാജ്യത്തെ പ്രമുഖ സ്റ്റേറ്റ് ബോർഡുകൾ എല്ലാം തങ്ങളുടേതായ ടി ട്വന്റി ടൂർണമെന്റുകൾ വിജയകരമായി നടത്തി വരികയും അതിലൂടെ ഒരുപാട് മികച്ച താരങ്ങളെ മുൻനിരയിലേക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. വൈകിയെങ്കിലും കേരളവും ഇത്തരമൊരു പരീക്ഷണത്തിന് മുതിർന്നിരിക്കുകയാണ്. കെസിഎ പ്രസിഡന്റ്സ് കപ്പ് എന്ന പേരിൽ നടത്തുന്ന പ്രഥമ ടി ട്വന്റി ടൂർണമെന്റ് ഭാവിയിൽ മികച്ച നിലവാരത്തിലേക്ക് ഉയർത്താനായാൽ കേരളത്തിലെ കളിക്കാർക്കും ശ്രദ്ധ ലഭിക്കും എന്നതിൽ സംശയമില്ല.

# കളിയും കളിക്കാരുമില്ലാതെ ഗ്രീൻഫീൽഡ്

**അരുൺ കൃഷ്ണൻ എസ്**
**കാര്യവട്ടം**

‘ഈ സ്റ്റേഡിയത്തിൽ എന്ത് കൊണ്ട് മത്സരങ്ങൾ നടക്കുന്നില്ല?’ 4 വർഷം മുൻപ് ഈ ചോദ്യം ചോദിച്ചത് ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ വിരാട് കോഹ്ലിയാണ്, ചോദിച്ചത് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തെ കുറിച്ചും. ആ ചോദ്യം ഇന്നും അവിടുത്തെ ഒഴിഞ്ഞ കസേരകളിൽ മുഴങ്ങി കേൾക്കാം. 2019–ൽ അവസാനമായി നടന്ന അന്താരാഷ്ട്ര മത്സരത്തിന് ശേഷം ഒരു ക്രിക്കറ്റ് കാഴ്ചക്ക് വേണ്ടി കാത്തിരുന്ന കായിക പ്രേമികൾക്ക് നേരെ കതകടയ്ക്കുകയാണ് കെസിഎ ഇപ്പോൾ.

സൗത്ത് ആഫ്രിക്കയ്ക്കെതിരെയുള്ള ഇന്ത്യൻ വിമൻസ് ടി-ട്വന്റി അടക്കമുള്ള മത്സരങ്ങൾക്ക് ഗ്രീൻഫീൽഡ് സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടും അത് വേണ്ടെന്നു വെക്കുകയാണ് കെസിഎ യും ഇപ്പോഴത്തെ ഉടമസ്ഥാവകാശം ഉള്ള സ്വകാര്യ കമ്പനിയും. ഒളിമ്പിക് സൈസ് സ്വിമ്മിങ് പൂൾ അടക്കം അന്താരാഷ്ട്ര സജ്ജീകരണങ്ങൾ ഉൾപ്പെടുത്തിയാണ് സ്റ്റേഡിയം നിർമിച്ചിരിക്കുന്നത്. 2017ലെ ഉദ്ഘാടന മത്സരം മഴ മൂലം തടസപ്പെട്ടപ്പോൾ, നിമിഷ നേരം കൊണ്ട് വാട്ടർ ഡ്രൈനേജ് സിസ്റ്റം ഉപയോഗിച്ച് പിച്ച് കളിക്ക് പൂർണ്ണസജ്ജമാക്കി. ഒരേപോലെ ഫുട്ബോളിനും ക്രിക്കറ്റിനും ഉപയോഗിക്കാൻ പറ്റുന്ന രീതിയിലാണ് മൈതാനം തയ്യാറാക്കിയിരിക്കുന്നത്. 2018ലും 19ലും ഒട്ടനവധി തവണ ഐപിഎൽ ഉൾപ്പടെയുള്ള മത്സരങ്ങൾക്ക് സ്റ്റേഡിയം തിരഞ്ഞെടുത്തിരുന്നെങ്കിലും അവസാന ഘട്ടത്തിൽ പുറത്താവുകയാണുണ്ടായത്. അനവധി പുരസ്കാരങ്ങൾ സ്വന്തമാക്കാൻ ഇതിനോടകം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന് കഴിഞ്ഞു.

അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സ്റ്റേഡിയം ഇപ്പോൾ ‘നാഥനില്ലാ കളരിയായി’ മാറിയിരിക്കുകയാണ്. വർഷാവർഷം അറ്റകുറ്റപണികൾക്കായി ഒരു കോടിയിലേറെ രൂപ ബിസിസിഐയുടെ ഫണ്ടിൽ നിന്ന് ലഭിക്കുമെങ്കിലും, ഒരു തരത്തിലുമുള്ള കായിക മത്സരങ്ങളും ഇപ്പോൾ അനുവദിക്കപ്പെടുന്നില്ല.

മാർച്ച് മാസം ആരംഭിക്കേണ്ടിയിരുന്ന ഏകദിന മത്സരങ്ങൾ മറ്റു സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിച്ച് വേണ്ടെന്നുവയ്ക്കുകയായിരുന്നു. അതിൽ പ്രധാനമായി എടുത്ത് പറഞ്ഞത് മാർച്ച് ആദ്യം തുടങ്ങുന്ന ആർമി റിക്രൂട്ട്മെന്റ് റാലിയാണ്. കോവിഡ് സുരക്ഷ മുൻകരുതലുകൾ കൊണ്ടാണ് റിക്രൂട്ട്മെന്റ് എല്ലാ സജ്ജീകരണങ്ങളും ഉള്ള സ്റ്റേഡിയത്തിലേക്ക് മാറ്റിയിരിക്കുന്നത്. മറ്റനവധി സ്ഥലങ്ങൾ ഉപയോഗിക്കാമെന്നിരിക്കെ, അന്താരാഷ്ട്ര മത്സരങ്ങൾക്ക് തിരഞ്ഞെടുത്ത സ്റ്റേഡിയം വിട്ടുകൊടുത്തത് ഭിന്നാഭിപ്രായങ്ങൾ സൃഷ്ടിച്ചു.

ഇത്രയും അത്യാധുനിക സൗകര്യങ്ങളുള്ള സ്റ്റേഡിയം, അത് നിർമിച്ചിരിക്കുന്ന ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന അഭിപ്രായത്തിലാണ് കായിക പ്രേമികൾ. ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന ക്രിക്കറ്റ് പാരമ്പര്യമുള്ള തിരുവനന്തപുരത്ത് ലക്ഷക്കണക്കിനുള്ള ആരാധകരുടെയും ക്രിക്കറ്റ് സ്വപ്നം കണ്ട് വളരുന്നവരുടെയും മുൻപിൽ വിലങ്ങുതടിയായി നിൽക്കുകയാണ് അധികാര കേന്ദ്രങ്ങൾ.



*ഗ്രീൻഫീൽഡ് സ്റ്റേഡിയം*

# ഹിമ ദാസ് ഇനി ഡിഎസ്പി

**അനശ്വര യു**



*ഹിമ ദാസ്*

അത്‌ലറ്റിക്സിൽ ഇന്ത്യയുടെ ലോകചാമ്പ്യനായ ഹിമ ദാസ് ഇനി അസം പൊലീസിൽ ഡിഎസ്പി. മുഖ്യമന്ത്രി സർബാനന്ദ സോനോവാലിന്റെ സാന്നിധ്യത്തിലാണ് ഹിമ പൊലീസിലെ ഉയർന്ന സ്ഥാനം ഏറ്റെടുത്തത്. സോനോവാൽ നിയമന ഉത്തരവ് കൈമാറി. ചെറുപ്പം മുതലേ ഉള്ള സ്വപ്നമാണ് ഒരു പൊലീസുകാരി ആവുക എന്നത് എന്ന് 21 വയസുകാരി ഹിമ പറഞ്ഞു. ചടങ്ങിന് പിന്നാലെ മുഖ്യമന്ത്രിക്ക് നന്ദി പറഞ്ഞ് ഹിമ ട്വീറ്റ് ചെയ്തു.

അസമിലെ നഗാവോ ജില്ലയിലെ കന്ധുലിമാരി ഗ്രാമത്തിലെ ദരിദ്ര കർഷക കുടുംബത്തിലായിരുന്നു ഹിമാ ദാസിന്റെ ജനനം. 4 മക്കളിൽ മൂത്തവൾ. നാലടിവെച്ചാൽ തീരുന്ന ഒറ്റമുറിവീട്ടിലായിരുന്നു ജീവിതം. കൃഷിപ്പണിക്ക് അച്ഛനെ സഹായിക്കാൻ പാടത്തേക്കു പോയിരുന്ന പെൺകുട്ടി, തൊട്ടടുത്തു ആൺകുട്ടികൾക്കൊപ്പം ഫുട്ബോൾ കളിച്ചാണു തുടങ്ങിയത്. പാടത്തെ കളിയിൽ അതിവേഗം പായുന്ന പെൺകുട്ടിയുടെ പ്രതിഭ തിരിച്ചറിഞ്ഞ് അത്‌ലറ്റിക്സിലേക്കു തിരിച്ചുവിട്ടത് പ്രാദേശിക പരിശീലകൻ നിപ്പോ ദാസാണ്.

നാട്ടിൽ നിന്ന് 150 കിലോമീറ്റർ അകലെ ഗുവാഹത്തിയിൽ പരിശീലനമാരംഭിച്ചതോടെ ഹിമ നേട്ടങ്ങളിലേക്കുള്ള കുതിപ്പു തുടങ്ങി. സ്പൈക്കില്ലാതെ നഗ്നപാദയായി ദൂരങ്ങൾ കീഴടക്കിയിരുന്ന ഹിമ ദാസ് ഇന്ത്യൻ ക്യാമ്പിലെത്തിയപ്പോഴാണ് ആദ്യമായി സ്പൈക്ക് അണിഞ്ഞത്. ആ ഹിമയുടെ പേരിൽ തന്നെ പിന്നീട് അഡിഡാസ് സ്പൈക്ക് നിർമിച്ചുവെന്നത് ചരിത്രം